പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നമ്പർ : 1764

17.06.2013-ൽ മറുപടിക്ക്

**തുറമുഖ വകുപ്പിൽ നിന്നും പിരിച്ചുവിടപ്പെട്ട ജീവനക്കാർ**

ചോദ്യം | മറുപടി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. കെ. രാധാകൃഷ്ണൻ | | ശ്രീ.കെ.ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) | തുറമുഖ വകുപ്പിൽ നിന്നും 2013-ൽ മൂന്ന് ജീവനക്കാരെ പിരിച്ചുവിട്ടു കൊണ്ടുള്ള ഡയറക്ടറുടെ നടപടി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. തുറമുഖ വകുപ്പ് ഡയറക്ടറേറ്റിൽ നിന്നും ഒരാളെ ഈ വർഷം അന്വേഷണവും, നടപടിക്രമങ്ങളും പാലിച്ച് സർവ്വീസിൽ നിന്ന് നീക്കം ചെയ്തിട്ടുണ്ട്. കൂടാതെ ഹൈഡ്രോഗ്രാഫിക് സർവ്വേ വിംഗിൽ ജോലി ചെയ്തിരുന്ന യു.ഡി.ക്ലാർക്ക് ശ്രീമതി. എസ്.അനിത, ആലപ്പുഴ പോർട്ട് ഓഫീസിൽ ജോലി ചെയ്തിരുന്ന ഹെഡ് ക്ലാർക്ക് ശ്രീ.ബാബു റ്റി കര്യാക്കോസ് എന്നിവരെയും ഈ വർഷം നിയമാനുസൃതമുള്ള അന്വേഷണത്തിനുശേഷം സർവ്വീസിൽ നിന്ന് പിരിച്ചുവിട്ടിട്ടുണ്ട്. |
| (ബി) | എങ്കിൽ അവരിൽ ഓരോരുത്തരുടേയും തസ്തികയും അവരെ പിരിച്ചുവിടാനുണ്ടായ കാരണങ്ങളും വിശദമാക്കാമോ; | (ബി) | വിശദാംശങ്ങൾ അനുബന്ധം ഒന്നിൽ ഉള്ളടക്കം ചെയ്തിട്ടുണ്ട്. |
| (സി) | ഇവരെ പിരിച്ചുവിടുന്നതിനു മുമ്പ് വകുപ്പ് തലത്തിലും സർക്കാർ തലത്തിലും സ്വീകരിച്ച ചട്ടപ്രകാരമുള്ള നടപടിക്രമങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (സി) | സർവ്വീസിൽ നിന്നും പ്രസ്തുത ജീവനക്കാരെ നീക്കം ചെയ്ത ഉത്തരവുകളുടെ പകർപ്പുകൾ അനുബന്ധം രണ്ടിൽ ഉള്ളടക്കം ചെയ്യുന്നു. പ്രസ്തുത ജീവനക്കാരുടെ ഡിസിപ്ലിനറി അതോറിറ്റി തുറമുഖ വകുപ്പ് ഡയറക്ടറും അപ്പലേറ്റ് അതോറിറ്റി സർക്കാരുമാണ്. ഇത് പ്രകാരം ശ്രീമതി.എസ്.അനിതയും, ശ്രീ. ബാബു റ്റി കര്യാക്കോസും അപ്പീൽ അധികാരിക്ക് അപ്പീൽ അപേക്ഷ ഇതിനകം നൽകി കഴിഞ്ഞിട്ടുണ്ട്. ആയത് പരിശോധിച്ച് വരുന്നു. |

| | | | |
|---|---|---|---|
| (ഡി) | ഈ ജീവനക്കാരെ പിരിച്ചുവിടുന്നതിനു മുമ്പ് എല്ലാ സർവ്വീസ് ചട്ടങ്ങളും പാലിച്ചിട്ടുണ്ടെന്ന് ഉറപ്പുവരുത്തിയിട്ടുണ്ടോ; | (ഡി) & (ഇ) | 1960-ലെ കേരള സിവിൽ സർവ്വീസ് (തരം തിരിവും നിയന്ത്രണവും അപ്പീലും) ചട്ടം 15 ലെ നടപടി ക്രമങ്ങൾക്ക് വിധേയമായിട്ടാണ് സർവ്വീസിൽ നിന്ന് ജീവനക്കാരെ നീക്കം ചെയ്തിട്ടുള്ളത്. |
| (ഇ) | എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ? | | |

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**